# ക്ഷത്രിയ ക്ഷേമ സഭ
# Kshathriya Kshema Sabha
(രജി. നമ്പർ 437/81)

സുന്ദരവിലാസം കൊട്ടാരം, ഫോർട്ട് പി. ഒ., തിരുവനന്തപുരം
Sundaravilasam Palace, Fort P. O., Thiruvananthapuram - 695 023
Phone : 0471 - 2467845

President: Reghu Varma P. K. 9446071057

General Secretary: Admaja Varma Thampuran 9349509027

Treasurer: Mahesh Ramavarma 9895347928


No. : KKS/M-AUG-15

Date: 19.08.2020

## ഓഗസ്റ്റ് 15 - ഗൂഗിൾ മീറ്റിംഗ് സംക്ഷിപ്ത വിവരണം

**പ്രിയപ്പെട്ടവരേ,**

ക്ഷത്രിയ ക്ഷേമ സഭ സംസ്ഥാന സമിതിയുടെ വിവിധ യുണിറ്റ് പ്രസിഡണ്ട് , സെക്രട്ടറി എന്നിവരുടെ യോഗം ഓഗസ്റ് 15 നു 3 .30 നു ഗൂഗിൾ മീറ്റിങ് വഴി ചേർന്നു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ആദ്യമായി നന്ദി അറിയിക്കട്ടെ. വളരെ മുതിർന്ന അംഗങ്ങൾ പോലും യോഗത്തിൽ പങ്കെടുത്തു എന്നത് വളരെയധികം സന്തോഷം നൽകുന്ന കാര്യമാണ്. ചിലർക്ക് നെറ്റ് പ്രശ്നം മൂലം സംസാരിക്കാൻ കഴിഞ്ഞില്ല. മറ്റുചിലർക്ക് പങ്കെടുക്കാൻ പറ്റിയില്ല. അടുത്ത യോഗത്തിൽ യോഗത്തിൽ മുഴുവൻപേർക്കും പങ്കെടുക്കാൻ കഴിയട്ടെയെന്നു ആശംസിക്കുന്നു.

സഭ സംസ്ഥാന പ്രസിഡണ്ട് ശ്രീ. പി.കെ. രഘു വർമ്മ അധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനക്കു ശേഷം അനുശോചന പ്രമേയം അവതരിപ്പിച്ചു. കഴിഞ്ഞ യോഗത്തിനു ശേഷം വിട്ടുപിരിഞ്ഞു പോയ സമുദായ അംഗങ്ങളുടെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തി .

ജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ സ്വാഗതം ആശംസിച്ചു. അധ്യക്ഷൻ ഉപക്രമ പ്രസംഗം നടത്തി. സംഘടനയുടെ ദിശയും ദിശാബോധവും അധ്യക്ഷൻ വിശദീകരിച്ചു. തുടർന്ന് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.

ക്ഷത്രിയ ക്ഷേമ സഭ മുപ്പത്തിയെട്ടാമതു സംസ്ഥാന സമ്മേളനം കോട്ടയത്ത് നടന്നതിനു ശേഷം ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമായി കുറഞ്ഞ വാക്കുകളിൽ അവതരിപ്പിച്ചു.

ഭരണസമിതി ചുമതലയേറ്റതിനു ശേഷം ഏറ്റവും പ്രശംസനീയമായ പ്രവർത്തനം സഭയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതാണ്. മുൻ ഭരണ സമിതി ചെയ്ത കടലാസ് ജോലികൾക്കു പുറമെ രാപകൽ കേന്ദ്ര ഓഫീസിൽ ഏറെ നാളുകൾ ഇപ്പോഴത്തെ സമതി ഒത്തൊരുമിച്ചു പ്രവർത്തിച്ചാണ് രജിസ്ട്രേഷൻ നേടിയെടുത്തത്. 38 വർഷത്തെ സംഘടനയുടെ രജിസ്ട്രേഷൻ നമ്പർ നഷ്ടപ്പെടാതെ കിട്ടി എന്നത് അഭിമാനകരമായ നേട്ടമായി കണക്കാക്കാം. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഒരിക്കൽ കൂടി അഭിനന്ദിച്ചു.

നിലവിലുള്ള ഭരണ സമിതി ചുമതലയേറ്റതിനു ശേഷം ഒരു തവണ മാത്രമേ സംസ്ഥാന സമിതി യോഗം ചേരുന്നതിനു കഴിഞ്ഞുള്ളു. കഴിഞ്ഞ ഡിസംബർ 29 . അതിനു ശേഷം മാർച്ച് 15 തിരുവനന്തപുരത്തു സമിതി ചേരാൻ തീരുമാനിച്ചെങ്കിലും കോവിഡ് കാരണം മാറ്റിവയ്ക്കേണ്ടി വന്നു.
കോവിഡ്, ലോക് ഡൗൺ കാരണം പ്രവർത്തനങ്ങൾക്ക് തടസം നേരിട്ടത് എല്ലാവർക്കും അറിയാവുന്ന കാര്യം. എന്നാൽ അക്കാലയളവും സംഘടനാ പ്രവർത്തനം സജീവമായി നിലനിർത്താൻ സംസ്ഥാന സമിതിക്കും ചില യൂണിറ്റുകൾക്കും കഴിഞ്ഞു. ഇത് വലിയ നേട്ടമാണ്.

ക്ഷാത്രജാലകം വെബ്സൈറ്റ് പരിഷ്ക്കരിച്ചതാണ് പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്ന്. വെബ്സൈറ്റ് ചുമതല വഹിച്ചിരുന്ന ശ്രീ. ആർ. . സുരേന്ദ്രൻ ആരോഗ്യ കാരണങ്ങളാൽ സ്ഥാനം ഒഴിയാൻ സ്വയം സന്നദ്ധത അറിയിച്ചു. ക്ഷാത്രജാലകം വെബ്സൈറ്റ് കൺവീനർ ശ്രീ. ആർ. രാമവർമ്മ മുഖേന വിവരം സഭ സംസ്ഥാന നേതൃത്വത്തിനെ അറിയിച്ചു. ഇത് അനുഭാവപൂർവം പരിഗണിച്ചു. പകരം സംവിധാനം ഉടൻ തന്നെ ഏർപ്പെടുത്തി.

തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരം ശ്രീ. ശൈലേന്ദ്ര വർമ്മ ( നെതർലാൻഡ്), കോഴിക്കോട് തിരുവണ്ണൂർ കോവിലകം ശ്രീ. കൃഷ്ണ പ്രസാദ് വർമ്മ ( വായു സെക്രട്ടറി, ദുബായ്), തിരുവനന്തപുരം ശ്രീലകം സൂരജ് വർമ്മ (ബഹ്റൈൻ) എന്നിവരാണ് വെബ്സൈറ്റ് ചിട്ടപ്പെടുത്തിയതും ഇപ്പോൾ വളരെ മനോഹാരമായും ജോലികൾ നിർവഹിച്ചു പോരുന്നതും. ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ മുഴുവൻ ക്ഷാത്രജാലകത്തിൽ ലഭ്യമാണ്. മൊബൈൽ ഫോണിൽ വിരൽതുമ്പിൽ വെബ്സൈറ്റ് ഇപ്പോൾ ഉപയോഗിക്കാൻ കഴിയും.

വിശ്രുത ചിത്രകാരൻ രാജാരവിവർമയോട് ആദരവ് പ്രകടിപ്പിക്കുന്നതിനു വെബ്സൈറ്റിൽ ചിത്രജാലകം തുടങ്ങി. സമുദായ അംഗങ്ങളിൽപെട്ടവർക്കു ചിത്രങ്ങൾ വരച്ചു ആദരവ് നല്കാൻ അവസരം ലഭിച്ചു. കൂടാതെ സമുദായ അംഗങ്ങ ൾ അല്ലാത്തവർക്ക്, പങ്കെടുത്തവരിൽ നിന്ന് മികച്ച ചിത്രങ്ങൾക്ക് അവാർഡ് നൽകി. ഇത് പൊതു സമൂഹത്തിൽ സഭക്ക് ഏറെ സ്വീകാര്യത ലഭിച്ചു.
ഇതിനു ശേഷം കവിത ജാലകം, പാചകജാലകം എന്നിവയും തുടങ്ങി. ഇതിലും അംഗങ്ങൾ സഹകരിച്ചു വരുന്നു.

വൈവാഹിക പംക്തി എന്ന നിലയിൽ ക്ഷത്രിയം സ്വയംവരം തുടങ്ങി. പേരു കൾ വെബ്സൈറ്റിൽ റജിസ്റ്റർ ചെയ്യാനുള്ള സംവിധാനമാണ് ഇത്. തിരുവല്ല യൂണിറ്റിൽ നിന്നുള്ള സംസ്ഥാന സമിതി അംഗം ശ്രീ. സഞ്ജയ് വർമ്മയാണ് സ്വയംവരം കോ - ഓർഡിനേറ്റർ.

രാമായണം മാസാചരണവുമായി ബന്ധപ്പെട്ടു ക്വിസ് പരിപാടി സംഘടിപ്പിച്ചു. കരിവെള്ളൂരിൽ നിന്നുള്ള മുതിർന്ന അംഗം ശ്രീ. ഉണിത്തിരി മാഷ് ക്വിസ് മാസ്റ്ററായി. ജനറൽ സെക്രട്ടറി കോ - ഓർഡിനേറ്ററായി പ്രവർത്തിച്ചു.

.

ഏറെ പ്രശംസ പിടിച്ചു പറ്റിയ മറ്റൊരു സംരംഭമാണ് വിദ്യാർഥികൾക്കുള്ള സിവിൽ സർവീസ് പരിശീലനം. ഹൈസ്കൂൾ തലം മുതൽ പിജി വരെയുള്ള വിദ്യാർത്ഥികളെയാണ് പരിശീലിപ്പിക്കുന്നത്. ഇവരെ പ്രതേകം ഗ്രൂപ്പുകളായി തിരിച്ചാണ് ക്ലാസുകൾ നടത്തുന്നത്. സഭ പ്രസിഡണ്ട് ശ്രീ. പി.കെ. രഘു വർമയുടെ സ്വപ്ന പദ്ധതിയാണ് ഇത്. ദീർഘവീക്ഷണത്തോടെയുള്ള ഇ പദ്ധതി സമുദാത്തിനകത്തും പുറത്തും ഏറെ പ്രശംസിക്കപ്പെട്ടു. രഘുവർമ്മയുടെ പൂർണ നിയന്ത്രണത്തിലാണ് പരിശീലനം. തിരുവല്ല യൂണിറ്റ് സെക്രട്ടറി ശ്രീ. സൂര്യകുമാർ വർമ്മ, സംസ്ഥാന സമിതി അംഗം ശ്രീ, സഞ്ജയ് വർമ്മ എന്നിവർ കോ -ഓർഡിനേറ്റർമാരായി പ്രവർത്തിച്ചു വരുന്നു. അടുത്ത സിവിൽ സർവീസ് പരീക്ഷക്ക് സമുദായത്തിലെ മൂന്നു വിദ്യാർത്ഥികൾ പങ്കെടുക്കും എന്ന സന്തോഷവും എല്ലാവരോടും പങ്കിടുന്നു. തിരുവനന്തപുരം കേന്ദ്രമായുള്ള അക്കാദമിയുമായി സഹകരിച്ചാണ് കുട്ടികൾക്ക് പരിശീലനം.

മുതിർന്നവർക്ക് വേണ്ടി സ്നേഹസദനം , പ്രവാസികൾക്ക് ഒരു കൈത്താങ്, വിദ്യാർഥികളുടെ ക്ലസ്റ്റർ , പ്രഫഷണൽ ആൾക്കാരുടെ ക്ലസ്റ്റർ , സെൻസസ് പ്രവർത്തനം തുടങ്ങിയവയും ചർച്ച ചെയ്തു തീരുമാനിക്കണം. കോവിഡ് കാലത്തു രണ്ടു തവണ കേന്ദ്ര ഭാരവാഹികളുടെ യോഗം ഗൂഗിൾ മീറ്റിങ് വഴി നടത്തിയിരുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട് അവതരണത്തിന് ശേഷം വിവിധ മേഖല സെക്രട്ടറിമാർ റിപ്പോർട് അവതരിപ്പിച്ചു.**

**ശ്രീ. വി.കെ. മധുകുമാർ വർമ്മ,ദക്ഷിണ മേഖല, സെക്രട്ടറി.**

തിരുവനന്തപുരം, പന്തളം, തിരുവല്ല, അമ്പലപ്പുഴ, ചേർത്തല (കരപ്പുറം), കോട്ട യം, വൈക്കം, തൃപ്പൂണിത്തുറ എന്നീ യൂണിറ്റുകളാണ് പരിധിയിൽ. തൃപ്പൂണിത്തുറ ഒഴികെ എല്ലാ യൂണിറ്റിൽ നിന്നും റിപ്പോർട്ട് കിട്ടി.

കോവിഡ് കാലത്തു മിക്ക യൂണിറ്റുകളും ഭഷ്യ ധാന്യ കിറ്റ് വിതരണം നടത്തി. തിരുവനന്തപുരത്തു പോലീസ് സേന അംഗങ്ങൾക്ക് ഉൾപ്പെടെ മാസ്ക് വിതരണം നടത്തി. സിവിൽ സർവീസിന് കുട്ടികളെ ചേർത്തു. റീയാക്ക് ധനസഹായം ലഭ്യ മാക്കി. യൂണിറ്റ് വാട്സ്ആപ് കൂട്ടായ്മ ഉണ്ട്.

തിരുവല്ലയിൽ 19500 രൂപയുടെ ഭഷ്യ ധാന്യ കിറ്റ് വിതരണം ചെയ്തു. 134 കുടുംബങ്ങൾക്ക് സഹായം എത്തിക്കാൻ കഴിഞ്ഞു. ലോക് ഡൌൺ കാലത്തു കൊരട്ടയിൽ അകപ്പെട്ടുപോയ സമുദായ അംഗത്തിനെ തിരികെ ആറന്മുളയിൽ എത്തിക്കാൻ കഴിഞ്ഞു. അംഗങ്ങൾക്ക് കോവിഡ് ധനസഹായം ലഭ്യമാക്കി. സിവിൽ പരീക്ഷ കോച്ചിങ്ങിനു കുട്ടികളെ ചേർത്തു. യൂണിറ്റ് വാട്സ്ആപ് കൂട്ടായ്മ ഉണ്ട്.

കോട്ടയത്ത് മാസ്ക് വിതരണം നടത്തി. ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തു. നാട്ടകം കോവിഡ് ആശുപത്രിക്കു അഞ്ചു വീൽ ചെയറുകൾ, പിപി ഇ കിറ്റുകൾ എന്നിവ വിതരണം ചെയ്തു. കോവിഡ് കാലയളവിൽ ആകെ 25000 രൂപയുടെ ധനസഹായം വിതരണം ചെയ്തു. ഒരു തവണ എക്സിക്യൂട്ടീവ് യോഗം ചേർന്നു. റീയാക്ട് ധന സഹായം ലഭ്യമാക്കി.

വൈക്കത്തും ചേർത്തലയും റീയാക്ട് ധന സഹായം ലഭ്യമാക്കി. പലവ്യഞ്ജന കിറ്റുകളും നൽകി. ചേർത്തലയിൽ കുടുംബ സംഗമം നടന്നു. പന്തളത്തും കോവിഡ് ധനസഹായ വിതരണം ചെയ്തു. കുടുംബ സമ്പർക്കം നടത്തി. മാസ്ക്കുകളും, ഭക്ഷ്യ ധാന്യ കിറ്റുകളും നൽകി. റീയാക്ട് ധന സഹായം വിതരണം ചെയ്തു.

**എൻ. .ശങ്കർ വർമ്മ, മധ്യ മേഖല സെക്രട്ടറി .**

എറണാകുളം, ഇടപ്പള്ളി, കുറ്റിലഞ്ഞി, വെള്ളാരപ്പിള്ളി, ചാലക്കുടി, ഇരിങ്ങാലക്കുട, കൊരട്ടി, തൃശൂർ എന്നീ യൂണിറ്റുകളാണ് പരിധിയിൽ വരുന്നത്. കോവിഡ്, പ്രവത്തനങ്ങളെ സാരമായി ബാധിച്ചു.

ഇരിങ്ങാലക്കുടയിൽ ഒരു തവണ വെർച്ചൽ മീറ്റിങ് നടന്നു. ചാഴൂർ കോവിലകത്തു അംഗങ്ങളെ മെംബർമാരായി ചേർത്തു. രാമായണം മാസാചരണം നടത്തി. റീയാക്ട് ധന സൗഹായം ലഭ്യമാക്കി.

കൊരട്ടയിൽ കോവിഡ് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. വെള്ളാരപ്പിള്ളി വാട്ട്സ്ആപ് കൂട്ടായ്മ ഉണ്ട്. ചിട്ടി നടത്തി വരുന്നു. വനിതാ കൂട്ടായ്മ ഉണ്ട്. എറണാകുളത്തു ഓൺലൈൻ മീറ്റിങ് നടന്നു. സിവിൽ സർവീസ് പരിശീലനത്തിന് കുട്ടികളെ ചേർത്തു. റീയാക്ട് ധന സഹായം ലഭ്യമാക്കി. തൃശൂരിൽ രാമായണം മാസാചരണം നടത്തി. സിവിൽ സർവീസ് പരിശീലനം, റീയാക്ട്, എന്നിവയിൽ സഹകരിക്കുന്നു. ചിട്ടി നടത്തിയിരുന്നു. കോവിഡ് കഴി ഞ്ഞാൽ പുനരാരംഭിക്കും. വളർക്കാവ്, അഞ്ചേരിക്കാവ് ക്ഷേത്രങ്ങൾ ബന്ധപ്പെട്ടും പ്രവർത്തനം ഉണ്ട്. ഇടപ്പള്ളിയിലും കോവിഡ് കാരണം സജീവ പ്രവർത്തനം ബുദ്ധിമുട്ടാണ്. പാർത്ഥ സാരഥി ക്ഷേത്രവുമായി ബന്ധപ്പെട്ടു പ്രവർത്തനം ഉണ്ട്.

(ശ്രീ. ശങ്കർ വിശദമായ റിപ്പോർട്ട് തന്നിട്ടുണ്ട്. പിന്നീട് ചേർത്ത് വിപുലപ്പെടുത്തുന്നതാണ്.)

**ശ്രീ. കുഞ്ഞിമാധവൻ, ഉത്തര മേഖല, സെക്രട്ടറി.**

ബേപ്പൂർ, ബാലുശ്ശേരി, പിലാത്തറ, ഇരിട്ടി, കരിവെള്ളൂർ, ശ്രീകണ്ഠാപുരം, നീലേശ്വരം എന്നിവയാണ് പരിധിയിലെ യൂണിറ്റുകൾ.

യൂണിറ്റുകളുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു. കരിവെള്ളൂർ യൂണിറ്റ് വിശദമായ റിപ്പോർട് ജന.സെക്രട്ടറിക്കു അയച്ചിരുന്നു. റീയാക്റ്റിൽ നിന്നുള്ള ധന സഹായം ഉത്തരമേഖലയിലെ യൂണിറ്റുകൾക്ക് ലഭിച്ചു. കോവിഡ് കാരണം കൂടുതൽ പ്രവർത്തനത്തിന് സാധ്യമായിട്ടില്ല. ഇരിട്ടിയിൽ 41 മെമ്പർഷിപ് ആണ്

ഉണ്ടായിരുന്നത്. ഇപ്പോൾ 38 മെമ്പർഷിപ്പ് ഉണ്ട്. 17 വിദ്യാർഥികൾക്ക് പഠന സൗകര്യത്തിനു ടിവി നൽകി. പിലാത്തറയിൽ 90 കുടുംബങ്ങൾ. 265 മെംബെർഷിപ്പുകൾ ഉണ്ട്. ശ്രീകണ്ഠാപുരത്തു 138 മെമ്പർഷിപ്പ് ഉണ്ട്. 22 ക്ഷാത്രസ്പന്ദനം വരിക്കാരെ ചേർത്തിട്ടുണ്ട്. നീലേശ്വരത്തും കോവിഡ് കാരണം പുരത്തിറങ്ങിയുള്ള കൂടുതൽ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

**ശ്രീ. യദു വർമ്മ, ജോ. സെക്രട്ടറി, ക്ഷത്രിയ ക്ഷേമ സഭ.**

കൃത്യമായി പറഞ്ഞാൽ കോവിഡ് കാലത്തും കുറെയധികം പ്രവർത്തനം നടത്താൻ കഴിഞ്ഞു. അങ്ങനെയെങ്കിൽ എപ്പോഴും കോവിഡായിരുന്നെങ്കിൽ എന്ന് ചിന്തിച്ചു പോകും. അത്രയ്ക്കുള്ള കാര്യങ്ങൾ നടന്നിട്ടുണ്ട്. ക്ഷത്രജാലകം വെബ്സൈറ്റ് പ്രവർത്തനം വളരെ ഗംഭീരമായി. രാമായണം ക്വിസ് നന്നായി. ഇതുപോലുള്ള പ്രവർത്തനം വേണം നടത്താൻ. റീയാക്റ്റ് സഹായം അനുഗ്രഹമായി.

**ശ്രീ. മഹേഷ് രാമവർമ്മ (ട്രഷറർ, ക്ഷത്രിയ ക്ഷേമ സഭ)**

കോവിഡ് കാലഘട്ടം കുരുക്കിയ ജീവിതമാണ് എല്ലായിടത്തും. യൂണിറ്റുകൾക്ക് പുറത്തിറങ്ങാൻ കഴിഞ്ഞിട്ടില്ല. എന്നാലും ഓൺലൈൻ സംവിധാനത്തോടെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഇനിയും പദ്ധതികൾ ചെയ്യാനുണ്ട്. അതിനായി എല്ലാവർക്കും ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

**യൂണിറ്റ് പ്രതിനിധികൾ**

**തിരുവനന്തപുരം - ശ്രീ. എം. അജയ് വർമ്മ രാജ. (സെക്രട്ടറി)**

രാമായണം പാരായണ മത്സരം നടത്തി. 11 പേര് പങ്കെടുത്തു. പത്തു മിനിട്ടു ദൈർഘ്യമുള്ള ഓഡിയോ വഴിയായിരുന്നു മത്സരം. കോവിഡ് 19 കാലത്തും സേവാ പ്രവർത്തനം നടത്തി. ലോക് ഡൌൺ കഴിഞ്ഞാൽ കൂടുതൽ പ്രവർത്തിക്കാൻ കഴിയും. സമ്പൂർണ സംസ്കൃത ഭാഷ ഗ്രാമം പദ്ധതിപോലത്തെ കാര്യങ്ങൾ ആലോചിക്കണം.

**പന്തളം -**

**ശ്രീ. പി. രാഘവ വർമ്മ (പ്രസിഡണ്ട്),**

കോവിഡ് കാലഘട്ടത്തിലും പ്രവർത്തിക്കാൻ കഴിഞ്ഞു. ക്ഷത്രിയം സ്വയംവരം, സിവിൽ സർവീസ് പരിശീലനം എന്നിവയിൽ സഹകരിച്ചു വരുന്നു. റെജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിൽ സന്തോഷം. ഓണക്കാലത്തും ചില പ്രവത്തനങ്ങൾ ഉദ്ദേശിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ചിരുന്നെ

ങ്കിലും കൊറോണ, ലോക് ഡൌൺ കാരണം നടന്നില്ല. റീആക്റ്റിൽ നിന്ന് സഹായം കിട്ടി. റീആക്ടിലേക്കും സംഭാവനകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്..

**ശ്രീമതി. എൽ..ആർ. ജ്യോതി വർമ്മ (സെക്രട്ടറി)**

അംഗങ്ങൾക്ക് മാസ്ക്ക് കൊടുത്തു. ആറന്മുള അടക്കമുള്ള അംഗങ്ങളുടെ ഇടയിൽ കിറ്റ് വിതരണം നടത്തി. റീയാക്ട് ധന സഹായം കിട്ടി. ചിട്ടി മുടക്കം ഇല്ലാതെ നടക്കുന്നു. അമ്പലത്തി ലെ പൂജകളും നടത്തിവരുന്നു. വിശദ റിപ്പോർട് മേഖല സെക്രട്ടറിയ്ക്കു കൊടു ത്തു.

**തിരുവല്ല -ശ്രീ. സൂര്യകുമാർ വർമ്മ (സെക്രട്ടറി)**

കോവിഡ് കാലത്തു പ്രവർത്തിച്ചു. മേഖല സെക്രട്ടറിക്ക് റിപ്പോർട് കൊടുത്തു. ആവർത്തിക്കുന്നില്ല. 13 അംഗങ്ങൾ അനൗദ്യോഗികമായി ചേർന്നു. വാട്സ്ആപ് സജീവമാണ്. ഭാരവാഹികൾ പോലും ക്വാറൻറ്റിനിൽ ഇരിക്കേണ്ടി വന്നു. സംസ്ഥാന സമിതി ചുരുങ്ങിയ കാലയളവിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തു. പ്രസിഡന്റും ജനറൽ സെക്രട്ടറിയും അടങ്ങുന്ന ഭരണ സമിതി അഭിനന്ദനം അർഹിക്കുന്നു. സ്നേഹസദനം പദ്ധതി നല്ലതാണ്. പലരും ഇതിനെക്കുറിച്ചു ചോദിച്ചു തുടങ്ങി. സ്നേഹസദനം എന്ന പേര് ഗംഭീരമായി.

**അമ്പലപ്പുഴ .ശ്രീ. വി.കെ. മധുകുമാർ വർമ്മ ((പ്രസിഡണ്ട്)**

രാമായണം മാസാചരണം നടത്തി. റീയാക്ട് ധന സഹായം കിട്ടി. കാൻസർ ബാധിച്ച ഒരാൾക്ക് റീയാക്ട് ധന സാഹത്തിലൂടെ രോഗം ഭേദമായി. ആ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. കോവിഡ് കാരണം കൂടുതൽ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല.

**ചേർത്തല (കരപ്പുറം) - ശ്രീ. കെ. ഹരികൃഷ്ണ വർമ്മ. ((പ്രസിണ്ട് )**

റീയാക്റ്റിന്റെ ധനസഹായം യൂണിറ്റിലെ ഒരാൾക്ക് കൃത്യ സമയത്തു കിട്ടി. ഓപ്പറേഷന് ബ്ലഡ് ആവശ്യമായപ്പോൾ തിരുവനന്തപുരം യൂണിറ്റ് സഹായിച്ചു. അതിനുള്ള നന്ദി അറിയിക്കുന്നു. തുടർച്ചയായി എക്സിക്യൂട്ടീവ് കമ്മിറ്റിയും കുടുംബയോഗവും ചേർന്നിരുന്നതാണ്. കൊറോണ കാരണം പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. മൂന്നു നിർദ്ദേശങ്ങൾ മാത്രമേ ഉള്ളു. ഒന്ന്. - നമ്മുടെ ചെറുപ്പക്കാരെ തന്ത്ര വിദ്യ പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കണം. രണ്ട്. - സ്വജന പൗരോഹിത്യം നടപ്പാക്കണം. കരപ്പുറം സഭ 60 വർഷമായി ചെയ്തു വരുന്നുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. മൂന്ന്. - കേന്ദ്ര സമിതിയുടെ വാട്സ്ആപ് ഗ്രൂപ്പ് അർത്ഥവത്താക്കണം. അനാവശ്യ കമന്റുകൾ ഒഴിവാക്കണം.

**കോട്ടയം - ശ്രീ. ടി.ആർ. അശോകൻ (സെക്രട്ടറി)**

റിപ്പോർട്ട് മേഖല സെക്രട്ടറിയെ ഏല്പിച്ചു. പൂഞ്ഞാർ യൂണിറ്റ്, സംസ്ഥാന സമ്മേളനത്തിന്റെ കണക്കുകൾ എന്നിവ സംബന്ധിച്ചു തീർപ്പുണ്ടാകണം. മിശ്ര വിവാഹം സംബന്ധിച്ച രേഖകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടെന്ന തീരുമാനത്തിൽ സഭ അഭിപ്രായം പറയണം.ചർച്ച ചെയ്താൽ നല്ലത്.

**വൈക്കം - ശ്രീ. പ്രേമചന്ദ്ര വർമ്മ (സെക്രട്ടറി)**

വാട്സ്ആപ് വഴി എക്സിക്യൂട്ടീവ് കമ്മിറ്റി വിവരങ്ങൾ കൈമാറുന്നുണ്ട്. റീയാക്ട് ധനസഹായം കിട്ടുന്നുണ്ട്. മിശ്ര വിവാഹം, ലവ് ജിഹാദ് പോലുള്ള കാര്യങ്ങളിൽ പ്രതികരിക്കണം. ഹിന്ദുക്കളുടെ മേൽ ആർക്കും എന്തും ആകാമെന്ന സ്ഥിതിക്ക് മാറ്റം വരണം. സഭയും ഉണർന്നു പ്രവർത്തിക്കണം.

**എറണാകുളം - ശ്രീ .സതീഷ് വർമ്മ (സെക്രട്ടറി)**

കോട്ടയത്ത് നടന്ന സംസ്ഥാന സമ്മേളനത്തിന് ശേഷം പുതിയ ഭരണ സമിതി ഒട്ടേറെ കാര്യങ്ങൾ ചെയ്തു. വെബ്സൈറ്റ്, സിവിൽ സർവീസ് പരിശീലനം തുടങ്ങിയ കാര്യങ്ങൾ. റീആക്റ്റും ശ്ലാഘനീയ പ്രവർത്തനമാണ് നടത്തുന്നത്.

ചേർത്തല യൂണിറ്റ് പറഞ്ഞ കാര്യങ്ങൾ നടപ്പാക്കണം. നല്ല കാര്യങ്ങൾ ആണ്.

ഓണം, നവരാത്രി കാലങ്ങളിൽ വെബ്സൈറ്റ് മുഖേന കലാപരിപാടികൾ നടത്തണം. എറണാകുളം യൂണിറ്റ് സഹകരണം വാഗ്ദാനം ചെയ്യുന്നു.

**വെള്ളാരപ്പിള്ളി. - ശ്രീ. കെ.ബി. രവിവർമ (സെക്രട്ടറി)**

കോവിഡ് കാലയളവിൽ ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. മാസ്ക്കും നൽകി. ചിട്ടിയും ഓണം ഫണ്ടും ആണ് യൂണിറ്റ് നടത്തുന്ന മറ്റു കാര്യങ്ങൾ. സംസ്ഥാന സമിതിയുമായി എല്ലാകാര്യങ്ങളിലും സഹകരിച്ചു പോരുന്നു.

**ഇരിങ്ങാലക്കുട. -ശ്രീ. പ്രമോദ് വർമ്മ കോവിലകം**

മിശ്ര വിവാഹം സംബന്ധിച്ച പുതിയ ഉത്തരവുകളിൽ പ്രതികരിക്കണം. ലോക് ഡൌൺ കാലത്തു കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. രാമായണം മാസാചരണം നടത്തി. കേന്ദ്ര സഭയുടെ പ്രവത്തനം നന്നാകുന്നതിൽ സന്തോഷം. റീയാക്ട് സഹായം കിട്ടി.

**ചാലക്കുടി . -ശ്രീ. കെ.ആർ. നന്ദകുമാർ വർമ്മ. ശ്രീലകം.**

കോവിഡ് കാരണം വീടുകളിൽ പോകാറില്ല. ഫോണിൽ കാര്യങ്ങൾ തിരക്കും. അത്യാവശ്യ കാര്യങ്ങൾ അറിയിച്ചാൽ ഓടി ചെല്ലും. സംസ്ഥാന സമിതിയുടെ സർക്കുലറുകളും എല്ലാരേയും അറിയിക്കാറുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി ചേരാൻ നിശ്ചയിച്ചു.

**ഇരിട്ടി .-ശ്രീ. കുഞ്ഞിമാധവൻ**

ശ്രീപത്മനാഭ സ്വാമി ക്ഷേത്രം സംബന്ധിച്ച സുപ്രീം കോടതിയുടെ വിധി സ്വാഗതാർഹം. ഇതു മറ്റു ക്ഷേത്രങ്ങൾക്കും ബാധകമാണ്. നമ്മൾ മുൻകൈയെടുക്കണം. പത്മനാഭ സ്വാമി ക്ഷേത്രത്തിലെ സമിതികളിൽ സഭയുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ നിവേദനം നൽകണം. മറ്റു ബോർഡ്, കോർപറേഷൻ എന്നിവിടങ്ങളിലും നമുക്ക് പ്രതിനിധികളെ വേണമെന്ന ആവശ്യം ഉന്നയിക്കണം.

**കരിവെള്ളൂർ. ശ്രീ. ടി.എം. ശ്രീകുമാർ (സെക്രട്ടറി)**

വിശദമായ റിപ്പോർട് അയച്ചിട്ടുണ്ട്. കോവിഡ് ധന സഹായം കിട്ടി. സന്തോഷം. പുതിയ നല്ല പ്രവർത്തനങ്ങൾക്ക് സ്വാഗതം. എന്നാൽ പഴയ ഭരണ സമിതി തുടങ്ങിവെച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല എന്ന് പരാതിയുണ്ട്. സെൻസസ് എവിടെ വരെയായി. ആസ്ഥാന മന്ദിരം, മഹാറാണി സേതു പാർവതി ഭായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ് എന്നിവ സംബന്ധിച്ച ഇപ്പോഴത്തെ വിവരങ്ങൾ അറിയാൻ താല്പര്യമുണ്ട്.

**നീലേശ്വരം. - ശ്രീ. വി.സി. കൃഷ്ണ വർമ്മ രാജ (പ്രസിഡണ്ട്)**

യൂണിറ്റുകളെ വിശ്വാസത്തിൽ എടുക്കണം. യൂണിറ്റുകളുടെ കത്തുകൾക്കു മറുപടി വേഗം നൽകണം. വാട്സ്ആപ് നിയന്ത്രിക്കണം. പുതിയ ഭരണ സമിതി നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ യൂണിറ്റുകളുടെ കാര്യങ്ങൾക്കു കൂടി അല്പം പരിഗണന വേണം. കഴിഞ്ഞ സംസ്ഥാന സമ്മേളനം മുതൽ ഉന്നയിക്കുന്ന ചില കാര്യങ്ങൾ ഉണ്ട്. അവയ്ക്കെല്ലാം ആലോചിച്ചു മറുപടി നൽകണം.

യൂണിറ്റിൽ ഇത്തവണ ഓണം ആഘോഷങ്ങൾ വേണ്ടെന്നു വെച്ചു. മൂന്ന് തവണ യോഗം ചേർന്നു. 15 ക്ഷാത്രസ്പന്ദനം വരുത്തുന്നുണ്ട്. 30 മെമ്പർമാരാണ് ഉള്ളത്.

**പിലാത്തറ - ശ്രീ. പി.കെ. മോഹന വർമ്മ (പ്രസിഡണ്ട്)**

നീലേശ്വരത്തും നിന്ന് ഉന്നയിച്ച ചില ചോദ്യങ്ങൾ എൻ്റെ അറിവിൽ കാലഹരണപ്പെട്ടതാണ്. പഴയ കാര്യങ്ങളിൽ വാശി പിടിച്ചു നിൽക്കാതെ കാലഘട്ടത്തിനു അനുസരിച്ചു പ്രവർത്തനം മാറ്റണം. ഇപ്പോഴത്തെ സമിതിയുടെ എല്ലാ പ്രവർത്തനങ്ങളും സുതാര്യവുമാണ്, മികവുറ്റതാണ്. ഓരോന്നും എടുത്തു പറയുന്നില്ല. കോഴിക്കോട് യൂണിറ്റ് കോവിഡ് കഴിഞ്ഞാൽ തുടങ്ങാം. ചിറയ്ക്കലും ഉടനെ തുടങ്ങാൻ ഉദ്ദേശം ഉണ്ട്. ബാക്കി കാര്യങ്ങൾ പുറകാലെ.

**എസ്. കെ. . രാധാകൃഷ്ണൻ (ശ്രീകണ്ഠാപുരം, സെക്രട്ടറി)**

വിവിധ ക്ലസ്റ്റർ കൊള്ളാം. ചെറുകിട വ്യാപാരി - വ്യവസായി ക്ലസ്റ്റർ രൂപീകരിച്ചു കൂടെ. വടക്കൻ കേരളത്തിൽ ആദ്യം രൂപീകരിക്കാം. പിന്നീട് വ്യാപിപ്പിക്കാം. പുതിയ ഭരണ സമിതിക്കു ആശംസകൾ.

**ഡോ. സുജാത രാമചന്ദ്രൻ ( സംസ്ഥാന വൈസ് പ്രസിഡണ്ട്)**

സ്ത്രീകളുടെ കൂട്ടായ്മ ഉണ്ടാകണം. ലീല ചേച്ചി മരിച്ചതിനു ശേഷം കാര്യമായ തുടർ പ്രവർത്തനം നടന്നിട്ടില്ല. ആ രംഗത്ത് കൂടുതൽ പ്രവർത്തനം ആഗ്രഹിക്കുന്നു. യൂണിറ്റുകളിൽ ഉടൻ ബന്ധപ്പെടുന്നതാണ്. വനിതകൾക്ക് സംസ്ഥാന തലത്തിൽ സംഘടനാ ശക്തമാക്കണം. അതിനായി യൂണിറ്റുകൾ മുന്നോട്ടുവരണം.

**ശോഭന വർമ്മ, തിരുവനന്തപുരം ( സംസ്ഥാന വൈസ് പ്രസിഡണ്ട്)**

വനിതാ ശാക്തീകരണത്തിന് മുൻതൂക്കം കൊടുക്കണം. വനിതകളുടെ ചെറുകിട സംരംഭങ്ങൾക്ക് വിപണി കണ്ടെത്തണം. തിരുവനന്തപുരവും കൊച്ചിയും നല്ല വിപണ കേന്ദ്രം ആകും. പാചക കലകൾ പ്രോത്സാഹിപ്പിക്കണം. ഇതിനും വിപണി കാണണം.

**ചർച്ചകൾക്ക് മറുപടി. നിർദ്ദേശങ്ങൾ. തീരുമാനങ്ങൾ**

**പ്രസിഡണ്ട് / ജനറൽ സെക്രട്ടറി**

എല്ലാവരും നല്ലരീതിയിൽ യോഗത്തിൽ പങ്കെടുത്തതിൽ നന്ദി. ആവേശം പകർന്ന യോഗമായിരുന്നു. സന്തോഷം.

സംസ്ഥാന സമിതിയുടെ വാട്സ്ആപ് ഇപ്പോൾ നിയന്ത്രണത്തിലാണ്. ഇതിനു മാർഗ രേഖകൾ ഉണ്ടാക്കി.

സംസ്കൃത ഭാഷയുടെ കാര്യം ശ്രീ അജയ് വർമ്മ രാജ തന്നെ വിശദ വിവരങ്ങൾ പഠിച്ചു അവതരിപ്പിച്ചാൽ നല്ലത്. അതിനു ശേഷം നടപ്പാക്കാൻ പറ്റുമോയെന്നു ആലോചിക്കാം.

സ്നേഹസദനം വിശദ വിവരം ഉടൻ തന്നെ യൂണിറ്റുകളെ അറിയിക്കും.മേഖല സെക്രട്ടറി ശ്രീ. വി.കെ. മധുകുമാർ വർമ്മ സ്നേഹ സദനത്തിന്റെ മുഖ്യ ചുമതല വഹിക്കും. ഇരുപത്തിയൊന്ന് പ്രധാന നിർദ്ദേശങ്ങൾ അടങ്ങിയ പ്രോജെക്ട് തയാറാക്കും. സെൻസസ് പ്രവർത്തനത്തിന്റെ ചുമതല ജോ. സെക്രട്ടറി ശ്രീ. യദു വർമ്മ നിർവഹിക്കും. ഇതുവരെയുള്ള പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ജന. സെക്രട്ടറി യദുവിന് കൈമാറും.

കർഷക അവാർഡിന് കമ്മിറ്റിയെ തീരുമാനിക്കാം. ചെയർമാനായി സീരിയെയും സാങ്കേതിക ഉപദേഷ്ടാവായി അഗ്രി. റിട്ട. ജോ.ഡയറക്ടർ ശ്രീമതി. ആശാ വർമ്മയേയും ലഭിക്കുമോയെന്നു നോക്കാം. യൂണിറ്റുകളിൽ നിന്ന് അപേക്ഷ സ്വീകരിക്കാം. സ്ഥലം സന്ദർശിച്ചു റിപ്പോർട്ടും നൽകാം.

തന്ത്ര വിദ്യ പഠനത്തിന് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അന്വേഷിച്ചു ഉടൻ തീരുമാനം എടുക്കും. സ്വജന പൗരോഹിത്യം ഒപ്പം അന്വേഷിക്കും.

ഓണം, നവരാത്രി ആഘോഷങ്ങൾ വെബ്സൈറ്റ് വഴി നടത്താം. എറണാകുളം യൂണിറ്റ് സെക്രട്ടറി ശ്രീ. സതീഷ് വർമ്മ ചുമതല വഹിക്കും

ചെറുകിട വ്യാപാരി - വ്യവസായി ക്ലസ്റ്റർ നല്ല ആശയമാണ്. വടക്കൻ കേരളത്തിൽ ആദ്യം രൂപീകരിക്കാം. ശ്രീകണ്ഠാപുരം യൂണിറ്റ് സെക്രട്ടറി ശ്രീ. എസ്.കെ. രാധാകൃഷ്ണൻ ക്ലസ്റ്റർ ചുമതല വഹിക്കും.

മിശ്രവിവാഹ കാര്യങ്ങളിൽ തൽക്കാലം പൊതുവായ അഭിപ്രായ പ്രകടനം വേണ്ടെന്നാണ് തീരുമാനം. ശബരിമല, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം എന്നീ വിഷയങ്ങളിൽ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഇനിയും അത് തുടരും. വിവിധ സമിതികളിൽ മെമ്പർമാർ വേണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. ശ്രമിക്കാം.

തിരുവനന്തപുരത്തെ ആസ്ഥാന മന്ദിരം വിപുലപ്പെടുത്തുന്നതിനു കൊട്ടാരത്തിൽ അനുമതി ചോദിച്ചിരുന്നു. കിട്ടിയില്ല. എന്നിട്ടും പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് ചെറിയ രീതിയിൽ മുറികൾ മാത്രം നന്നാക്കി. സഭ സംസ്ഥാന കമ്മിറ്റിയും തിരുവനന്തപുരം യൂണിറ്റും ചെലവ് വഹിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ മുടങ്ങാതെ കൊടുക്കും. വിശദ വിവരങ്ങൾ പുറകാലെ. യൂണിറ്റുകളിൽ നിന്നുള്ള കത്തുകൾക്കു, മറുപടി അയക്കുന്നതിനും ക്രമീകരണങ്ങൾ ആയി. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ വേണം അംഗങ്ങൾ സംശയങ്ങൾ ഉന്നയിക്കാനും കത്തെഴുതാനും എന്ന് മാത്രം.

കോട്ടയത്ത് നടന്ന സംസ്ഥാന സമ്മേളനത്തിന്റെ കണക്കുകൾ ട്രഷറർ തിരുവനന്തപുരത്തു തിരിച്ചെത്തിയാൽ നൽകുന്നതാണ്. പൂഞ്ഞാർ യൂണിറ്റ് തുടങ്ങുന്നതിനു കോട്ടയം യൂണിറ്റ് അനുമതി നൽകിയിരുന്നു. യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ശ്രീ. വി.കെ. മധുകുമാറിനെ പൂഞ്ഞാറിലെ കാര്യങ്ങൾ ചെയ്യാൻ സഹായിക്കാനും തീരുമാനിച്ചിരുന്നു.

എല്ലാവരും ആരോഗ്യകരമായ ചർച്ചയിലൂടെ ഗൂഗിൾ മീറ്റിങ് വിജയകരമാക്കിയതിൽ ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവം,

ജന. സെക്രട്ടറി

KSHATRIYA KSHEMA SABHA
TRIVANDRUM
Reg No: 437/81
STATE COMMITTEE